**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2434** **08-05-2017 ൽ മറുപടിക്ക്**

**പട്ടയം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ബാബു | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പട്ടയം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 1964 ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിലും, 1995 ലെ കേരള ഭൂമി പതിവ് നിയമപ്രകാരം മുനിസിപ്പൽ / കോർപ്പറേഷൻ പ്രദേശങ്ങളിലും, കേരള ഭൂപരിഷ്കരണ നിയമപ്രകാരവും 1970 ലെ ആറന്മിൽ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരവുമാണ് പട്ടയം അനുവദിക്കുന്നത്. സംസ്ഥാനത്ത് 01-01-1977 ന് മുൻപ് വനഭൂമിയിൽ കുടിയേറിയ, സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടവർക്ക് കേന്ദ്ര വന സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൈവശത്തിലുള്ള വനഭൂമി പതിച്ച് നൽകി വരുന്നു. |
| (ബി) അപേക്ഷ സമർപ്പിച്ച് എത്ര ഹിയറിംഗിന് ശേഷമാണ് പട്ടയം അനുവദിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പതിവ് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ആക്ഷേപരഹിതമാണെന്ന് കണ്ടെത്തുന്ന അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതും ആക്ഷേപം ഉന്നയിക്കുന്ന അപേക്ഷകളിന്മേൽ കക്ഷികളെ നേരിൽ കേട്ട് മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (സി) അപേക്ഷകരുടെ സീനിയോറിറ്റി ഉറപ്പുവരുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | അപേക്ഷകൾ ലഭിക്കുന്നത് ഭൂമി പതിവ് ചട്ടങ്ങളിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുള്ളതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ് താലൂക്ക്, ജില്ലാ ഭരണകൂടം എന്നിവ മുഖാന്തിരം തുടർ നടപടികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**